**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2120** **30-07-2021 - ൽ മറുപടിയ്ക്ക്**

**ഗോത്രവർഗ്ഗ-പട്ടിക വിഭാഗക്കാരുടെ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ. എ. രാജ | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | സംസ്ഥാനത്ത് വനാന്തരങ്ങളിൽ അധിവസിക്കുന്ന പ്രാക്തന ഗോത്രവർഗ്ഗത്തിലും മറ്റു പട്ടിക ഗോത്രങ്ങളിലുംപെട്ടവരെ കോവിഡിന്റെയും പ്രകൃതിദുരന്തങ്ങളുടെയും സാഹചര്യത്തിൽ വനത്തിലെ ഊരുകളിൽ ഒറ്റപ്പെട്ടുപോകാതെ സംരക്ഷിക്കുന്നതിന് നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നറിയിക്കാമോ; | (എ) | പ്രത്യേക ഗോത്ര വർഗ്ഗ വിഭാഗക്കാരും മറ്റു ദുർബല ഗോത്ര വിഭാഗക്കാരും അധിവസിക്കുന്ന മേഖലകളിൽ പ്രകൃതി ദുരന്തങ്ങളിൽ നിന്നും പകർച്ചവ്യാധികളിൽ നിന്നും സംരക്ഷിക്കുന്നതിനായി എസ്.ടി പ്രൊമോട്ടർമാർ, കമ്മിറ്റഡ് സോഷ്യൽ വർക്കർമാർ എന്നിവരുടെ സഹായത്തോടെ ദുരന്ത നിവാരണ ബോധവൽക്കരണ പരിപാടികൾ ഗോത്ര ഭാഷകളിൽ അതത് പ്രദേശങ്ങളിൽ നടത്തിവരുന്നുണ്ട്. പ്രകൃതി ദുരന്തങ്ങൾ ഉണ്ടാകുന്ന സാഹചര്യത്തിൽ ഇവർക്ക് താമസവും ഭക്ഷണവും ഉറപ്പു വരുത്തുന്നതിന് ഫീൽഡ് തല ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതിനു പുറമേ ഇത്തരം കോളനികളുടെ വിവരങ്ങൾ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്ക് കൈമാറുകയും അടിയന്തിര സാഹചര്യത്തിൽ ഉടനടി ഇടപെടാൻ അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഇവരുടെ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നറിയിക്കാമോ; | (ബി) | വിദൂരങ്ങളായ കോളനികളിൽ പൊതുവിതരണ ശൃംഖല മുഖേനയുള്ള ഭക്ഷ്യധാന്യങ്ങൾ എത്തിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ്, വനം വകുപ്പ്, സിവിൽ സപ്ലൈസ് വകുപ്പ് എന്നിവ കൂട്ടായി വാതിൽപ്പടി റേഷൻ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ഇതിനു പുറമേ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഭക്ഷ്യ സഹായ പദ്ധതി പ്രകാരം മൺസൂൺ മാസങ്ങളിലും പകർച്ചവ്യാധികൾ ഉണ്ടാകുന്ന സാഹചര്യങ്ങളിലും ഭക്ഷ്യ ധാന്യ കിറ്റ് വിതരണം ചെയ്യുന്നുണ്ട്. |
| (സി) | ഇവരുടെ തനത് ഭക്ഷണരീതികൾ സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ഉതകുന്ന പ്രവർത്തനങ്ങൾ നടപ്പാക്കുന്നുണ്ടോ; | (സി) | ഉണ്ട്. പരമ്പരാഗത കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും അതിലുപരി ഭക്ഷ്യ സുരക്ഷ ഉറപ്പ് വരുത്തുന്നതിനും 'മില്ലറ്റ് വില്ലേജ്', 'നമതു വെള്ളാമെ' തുടങ്ങിയ |

| | | | |
|---|---|---|---|
| | | | പാരമ്പര്യ കൃഷി പോഷണ പദ്ധതികൾ വകുപ്പ് നടപ്പാക്കിയിട്ടുണ്ട്. |
| (ഡി) | ഇവർക്ക് തനത് ഭക്ഷണത്തിനാവശ്യമായ ധാന്യങ്ങളും മറ്റും ഊരുകളോട് ചേർന്ന് കൃഷിചെയ്യുന്നതിനുള്ള സാഹചര്യം ഒരുക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ഡി) | അട്ടപ്പാടിയിൽ തനത് കൃഷി പ്രോത്സാഹിപ്പിക്കുന്ന തിനായി 'നമ്മ വെള്ളാമെ' എന്ന പേരിലും വയനാട്, ഇടുക്കി ജില്ലകളിൽ 'ഗോത്ര രശ്മി' എന്ന പേരിലും പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ